# കതിരൂർ ഈസ്റ്റ് എൽ. പി. സ്ക്കൂൾ

പുല്ല്യോട് - കതിരൂർ (പി.ഒ.) കണ്ണൂർ-670642

# സമഗ്ര വിദ്യാലയ വികസന രേഖ

ഏതാണ്ട് ഒന്നര നൂറ്റാണ്ടുകാലത്തെ പ്രവർത്തന പാരമ്പര്യമുള്ള വിദ്യാലയമാണ് തലശ്ശേരി നോർത്ത് സബ്ജില്ലയിലെ, കതിരൂർ ഗ്രാമപഞ്ചായത്തിലെ, 18ാം വാർഡിൽ സ്ഥിതിചെയ്യുന്ന കതിരൂർ ഈസ്റ്റ് എൽ. പി. സ്കൂൾ.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം സംസ്കൃത വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി 19ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ആദ്യകാല ചരിത്രം ഇന്ന് തികച്ചും അവ്യക്തമാണ്. സർക്കാർ രേഖകളിൽ 1932 ആണ് സ്ഥാപക വർഷമായി രേഖപ്പെടുത്തിക്കാണുന്നതെങ്കിലും, ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ നൂറുവയസ്സിലേറെ പിന്നിടുമായിരുന്ന പലരും ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളായിരുന്നു എന്ന കാര്യംവെച്ചു നോക്കിയാൽ, ചുരുങ്ങിയത് 150 വർഷത്തെ പ്രവർത്തന ചരിത്രമെങ്കിലും ഈ സ്ഥാപനത്തിനുണ്ടാവുമെന്ന് ഉറപ്പാണ്.

സംസ്കൃത വിദ്യാലയമായി ആരംഭിച്ച ഈ വിദ്യാലയത്തിന്റെ അന്നത്തെ പേര് 'സ്വയം പ്രഭ സംസ്കൃത വിദ്യാലയം' എന്നായിരുന്നു. കതിരൂരിന് പുറമെ പിണറായി, എരുവട്ടി, വടക്കുമ്പാട് തുടങ്ങിയ പ്രദേശങ്ങളിൽനിന്നും സംസ്കൃത പഠനത്തിനായി ധാരാളം പേർ ഈ വിദ്യാലയത്തെ ആശ്രയിച്ചിരുന്നു. ആദ്യകാലത്ത് 5ാം ക്ലാസ്സും ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രീ-പ്രൈമറി മുതൽ 4ാം ക്ലാസുവരെ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു.

കുട്ടികളുടെ എണ്ണം- 2024-25

| | |
|---|---|
| പ്രീ-പ്രൈമറി | 28 |
| 1-ാം ക്ലാസ്സ് | 13 |
| 2-ാം ക്ലാസ്സ് | 15 |
| 3-ാം ക്ലാസ്സ് | 13 |
| 4-ാം ക്ലാസ്സ് | 13 |
| ആകെ | 82 |

അധ്യാപകരുടെ എണ്ണം-2017-2018

| | |
|---|---|
| ഹെഡ്മാസ്റ്റർ | 1 |
| എൽ. പി. എസ്. എ. | 3 |
| അറബിക് ടീച്ചർ | 1 |
| പ്രീ-പ്രൈമറി അധ്യാപകർ (പി.ടി.എ. നിയമിച്ചത്) | 1 |

തലശ്ശേരി നോർത്ത് സബ്ജ്ജില്ലയിലെ കൂടുതൽ കുട്ടികൾ പഠിക്കുന്ന ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ ഒന്നാണ് ഈ വിദ്യാലയം. അക്കാദമിക് രംഗത്തും, കലാ-കായിക-പ്രവൃത്തി പരിചയ മേളയിലും, ശാസ്ത്ര-ഗണിത ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര മേളയിലും സബ്ജ്ജില്ലാ-ജില്ലാതലങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞ വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്. വിദ്യാലയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മികച്ച പി.ടി.എ.യും, സ്ക്കൂൾ വിദ്യാഭ്യാസസമിതി, വികസനസമിതി, KELPSA എന്ന പൂർവ വിദ്യാർത്ഥി സംഘടനയും ഈ വിദ്യാലയത്തിനുണ്ട്. ദിനാചരണങ്ങൾ ഭാവനയോടെ വ്യത്യസ്ത രീതിയിൽ സംഘടിപ്പിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. പുസ്തകപ്പന്തൽ, അക്ഷരമെഹന്തി, സ്നേഹനിലാവ്, സ്വാതന്ത്ര്യംതന്നെയമൃതം, അമ്പിളിക്കാലം എന്നിവ ഇതിനുദാഹരണങ്ങളാണ്. വിവിധ ദിനാചരണങ്ങളുടെ ഭാഗമായി ഇമ്മിണി ബല്യ ഒന്ന്, അമ്പിളിവട്ടം, അഗ്നിച്ചിറക് എന്നീ പതിപ്പുകളും പുറത്തിറക്കി. 'വിജ്ഞാനച്ചിറക്' എന്ന പേരിൽ പഞ്ചായത്ത്തല എന്റെ ഇന്ത്യ ക്വിസ് മത്സരവും സംഘടിപ്പിച്ചുവരുന്നു. നൂറ് ആനച്ചൊല്ലുകൾ ശേഖരിച്ച് പഴഞ്ചൊല്ലുകളിലെ ആന എന്ന ഒരു പുസ്തകം സ്ക്കൂൾ വിദ്യാഭ്യാസ സമിതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശിശുസൗഹൃദമായ ക്ലാസ്മുറികളുടെയും, കളിസ്ഥലത്തിന്റെയും അഭാവം ഈ വിദ്യാലയത്തിന്റെ പ്രധാന പരിമിതികളാണ്. പാഠ്യപദ്ധതി വിനിമയത്തിന് ആവശ്യത്തിന് സ്ഥലസൗകര്യമുള്ള ക്ലാസ്മുറികൾ ഉള്ള കെട്ടിടങ്ങൾ അത്യാവശ്യമാണ്. മികച്ച അടുക്കള, ഡൈനിങ്ങ് ഹാൾ, ഓഫീസ് റൂം, സ്മാർട്ട് ക്ലാസ് മുറി, മികച്ച ടോയ്ലറ്റ് സംവിധാനങ്ങൾ എന്നിവയും വരും വർഷങ്ങളിൽ ഒരുക്കേണ്ടതുണ്ട്.

അക്കാദമിക്-ഭൗതിക സൗകര്യ മേഖലയിൽ കൂട്ടായ്മയോടെയുള്ള പ്രവർത്തനത്തിലൂടെ ഒരു കുതിച്ചുചാട്ടത്തിന് സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അതിനായ് നമുക്കൊരുമിച്ചു മുന്നേറാം. അറിവിന്റെ നിറവ് സൃഷ്ടിക്കാം!

**ലക്ഷ്യങ്ങൾ:**

1. **മുഴുവൻ കുട്ടികൾക്കും പഠന നേട്ടങ്ങൾ ഉറപ്പുവരുത്തുന്നു.**
2. **മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നിവയിൽ അടിസ്ഥാനശേഷി ഉറപ്പുവരുത്തുക.**
3. **ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കൽ.**
4. **ദിനാചരണങ്ങൾ ഫലപ്രദമായി സംഘടിപ്പിച്ച് പഠന നേട്ടങ്ങൾ ഉറപ്പുവരുത്തൽ.**
5. **ആകർഷകവും, ശുചിത്വ പൂർണ്ണവുമായ ഹരിത വിദ്യാലയം.**
6. **പൊതുജനങ്ങൾക്കും, പൂർവ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും ഉപകാര പ്രദമാവുന്ന കേന്ദ്രമായി വിദ്യാലയത്തെ മാറ്റിത്തീർക്കുക.**
7. **വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാതൃകാവിദ്യാലയമാക്കുക.**

# ആസൂത്രണ രേഖ

| പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് | സ്രോതസ്സ് |
|---|---|---|
| 1. പൊതുവിജ്ഞാന പാഠശാല<br>(ജി. കെ. ക്ലബ്ബ്)<br>(ഡിജിറ്റൽ ക്ലാസ് വിത്ത് ഇന്ററാക്ടീവ് വൈറ്റ് ബോർഡ്)<br>മുഴുവൻ കുട്ടികൾക്കും, രക്ഷിതാക്കൾക്കും, യുവാക്കൾക്കും പൊതുവിജ്ഞാനം/മറ്റ് വിഷയങ്ങൾ പരിശീലനം നൽകാൻ കഴിയുന്ന ആകർഷകമായ പൊതുവിജ്ഞാന അന്തരീക്ഷമുള്ള ക്ലാസ് മുറി.<br>കുട്ടികളുമായി സംവദിക്കുന്ന ചുമരുകൾ | 4,00,000 | M.L.A./M.P. ഫണ്ട്<br>പൂർവ്വ വിദ്യാർഥി സംഘടന<br>സഹകരണ ബേങ്കുകൾ |
| 2. മുഴുവൻ ക്ലാസ് മുറികളും ഹൈടെക്<br>പ്രീ-പ്രൈമറി മുതൽ 4ാം ക്ലാസ്സ് വരെ മുഴുവൻ ക്ലാസുകളിലും ടെലിവിഷൻ/ കമ്പ്യൂട്ടർ, വൈറ്റ് ബോർഡ്, സൗണ്ട് സിസ്റ്റം ഡിസ്പ്ലേ ബോർഡുകൾ | 1,00,000 | M.L.A./M.P. ഫണ്ട്<br>പൂർവ്വ വിദ്യാർഥി സംഘടന |
| 3. "I Can"<br>സ്മാർട്ട് & ഈസി ഇംഗ്ലീഷ് പ്രോഗ്രാം.<br>രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും വിദഗ്ദ്ധരായ അധ്യാപകരുടെ പരിശീലനം/ ക്യാമ്പുകൾ. | 20,000 | PTA. പഞ്ചായത്ത്<br>SMC |
| 4. Kelp - നിറവ്<br>സ്വന്തമായി ഒരു അച്ചടിശാല:<br>സ്കൂളിന് സ്വന്തമായി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും, പതിപ്പുകൾ തയ്യാറാക്കാനും കെൽപ്പ് (Kelp) പബ്ലിക്കേഷൻ എന്ന പേരിൽ ഒരു പ്രസിദ്ധീകരണ വിഭാഗം-ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | 50,000 | M.L.A./M.P. ഫണ്ട് |
| ബാലസാഹിത്യ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ<br>-ഈ വർഷം പ്രദീപ്കുമാർ കൂത്തുപറമ്പിന്റെ അപ്പുണ്ണിയുടെ പാഠപുസ്തകം.<br>(പ്രസിദ്ധീകരണം Kelp - നിറവ്)<br>തുടർ പ്രവർത്തനം-കളറിങ്ങ്, ചിത്രരചന, കഥപറയൽ മത്സരങ്ങൾ | 20,000 | PTA. സാംസ്കാരിക സ്ഥാപനങ്ങൾ, നിറവ് |
| 5. കുട്ടിത്തം<br>കതിരൂർ ഈസ്റ്റ് എൽ.പി. സ്കൂളിനൊരു ബ്ലോഗ് | 5,000 | പൂർവ്വ വിദ്യാർഥി സംഘടന |
| 6. കുട്ടിത്തം - ചാനൽ<br>റേഡിയോ<br>ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി മുഴുവൻ കുട്ടികൾക്കും ദൃശ്യ-ശ്രാവ്യാനുഭവം ഒരുക്കൽ | 20,000 | പൂർവ്വ വിദ്യാർഥി സംഘടന, പഞ്ചായത്ത് |
| 7. കുട്ടിത്തം - ലിറ്റിൽ തിയേറ്റർ<br>**സിനിമ/CD പ്രദർശനം**<br>LCD പ്രോജക്ടർ ഉപയോഗിച്ച് വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട CDകൾ/ ഡോക്യുമെന്ററികൾ എന്നിവ പ്രദർശിപ്പിക്കൽ. | 10,000 | പഞ്ചായത്ത്, PTA |

| | | |
|---|---|---|
| 8. ഡിജിറ്റൽ ലൈബ്രറി:<br>CD/etc., ഡിജിറ്റൽ റിസോഴ്സ് പഠനത്തിനായി ഉപയോഗപ്പെടുത്തൽ/ ക്രമീകരിക്കൽ | 30,000 | M.L.A./M.P. ഫണ്ട് |
| 9. സഞ്ചരിക്കുന്ന പാഠശാല:<br>(ടൂറിങ്ങ് സ്ക്കൂൾ)<br>LCD പ്രോജക്ടർ, LED TV എന്നീ സൗകര്യങ്ങളോടെയുള്ള വാഹനം- രക്ഷിതാക്കൾക്കും കുട്ടികൾക്കും നാട്ടുകാർക്കും ബോധവൽക്കരണ ക്ലാസുകൾ, ഫീൽഡ് ട്രിപ്പ്, ക്വിസ് പ്രോഗ്രാം, കോർണർ പി.ടി.എ. മീറ്റിങ്ങ്, കുട്ടികൾക്ക് യാത്രാ സൗകര്യം എന്നീ വിവിധോദ്ദേശ്യങ്ങൾക്ക് സഹായകം. | 15,00,000 | M.L.A./M.P. ഫണ്ട്<br>പൂർവ്വ വിദ്യാർഥി സംഘടന<br>സഹകരണ ബേങ്കുകൾ |
| 10. അടുക്കള നിർമാണം | 5,00,000 | M.L.A./M.P. ഫണ്ട് |
| 11. ഊട്ടുപുര നിർമാണം | 5,00,000 | M.L.A./M.P. ഫണ്ട് |
| 12. ഓഫീസ് റൂം & കമ്പ്യൂട്ടർ ലാബ് നിർമാണം | 6,00,000 | M.L.A./M.P. ഫണ്ട് |
| 13. നാടിനൊരു കളിസ്ഥലം; സ്ക്കൂളിനും കളിസ്ഥലം നിർമിക്കാൻ സ്ഥലം കണ്ടെത്തൽ<br>ചിൽഡ്രൻസ് പാർക്ക് നിർമാണം | 40,00,000 | M.L.A./M.P. ഫണ്ട്<br>ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് |
| 14. ആകർഷകമായ സ്കൂൾകെട്ടിടം<br>ഡിജിറ്റൽ സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള വിദ്യർത്ഥി സൗഹൃദ ക്ലാസ് മുറികൾ ഉൾക്കൊള്ളുന്ന ഇരുനില കെട്ടിടം. | 60,00,000 | ഗവൺമെന്റ് M.L.A./ M.P. ഫണ്ട്,<br>മാനേജർ, PTA |
| 15. മൂത്രപ്പുര & കക്കൂസ് നിർമാണം:<br>വൃത്തിയും, ആകർഷകവുമായ ശുചിത്വ സംവിധാനം | 2,00,000 | പഞ്ചായത്ത്, M.L.A./ M.P. ഫണ്ട് |
| 16. ഇംഗ്ലീഷ് ഫെസ്റ്റ്:<br>പതിപ്പ്, കേമ്പ്, ഇംഗ്ലീഷ് ക്വിസ്,<br>ശില്പശാലകൾ, നിറവ്-വർക്ക് ഷീറ്റ്, etc. | 5,000 | SSA, PTA. |
| 17. മലയാളത്തിളക്കം:<br>മുഴുവൻ കുട്ടികളെയും അക്ഷരമുറപ്പിക്കൽ പ്രവർത്തനം, നിറവ്-വർക്ക് ഷീറ്റ്, കേമ്പ് | 5,000 | SSA, PTA. |
| 18. ഗണിതം മധുരം:<br>പതിപ്പ്, ഗണിത കേമ്പ്, നിർമാണം etc.<br>നിറവ്-വർക്ക് ഷീറ്റ് | 5,000 | SSA, PTA. |
| 19. കലണ്ടർ പ്രസിദ്ധീകരണം:<br>വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കലണ്ടറുകൾ-<br>വിജ്ഞാനച്ചിറക്, സ്വാതന്ത്ര്യ സമരചരിത്രം, അമ്പിളിവട്ടം etc. | 10,000 | PTA., SMC |

| | | |
|---|---|---|
| 20. കുട്ടിത്തം:<br>കുട്ടികളുടെ സഹവാസ കേമ്പ് | 5,000 | PTA., SMC |
| 21. സ്ക്കൂൾ മുറ്റം ഇന്റർലോക്ക് ചെയ്യൽ | 30,000 | M.L.A./M.P. ഫണ്ട് |
| 22. കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലനം:<br>സംഗീതം, ചിത്ര രചന, നൃത്തം, യോഗ, പ്രവൃത്തി പരിചയ പരിശീലനം, സോപ്പ്, കുട, പേപ്പർ ബേഗ് നിർമാണ പരിശീലനം. | 10,000 | PTA., SMC |
| 23. ദിനാചരണങ്ങളുടെ സർഗാത്മക/ഫലപ്രദമായ ആചരണം;<br>വിവിധ ക്ലബ്ബുകളുടെ ശാക്തീകരണം:<br>പരിസ്ഥിതി ദിനം, വായനാവാരം, ചാന്ദ്രദിനം, ബഷീർദിനം, സ്വാതന്ത്ര്യദിനം, കർഷകദിനം, ഗാന്ധിജയന്തി, കേരളപ്പിറവി, ശിശുദിനം, റിപ്പബ്ലിക്ക്ദിനം-ആചരണം<br>വിവിധ പതിപ്പുകൾ പ്രകാശനം. | 15,000 | PTA., SMC |
| 24. വിജ്ഞാനച്ചിറക് - എ. പി. ജെ. അബ്ദുൾകലാം ക്വിസ് മത്സരം<br>സ്ക്കൂൾതലം<br>പഞ്ചായത്ത്തലം/സബ്ജില്ലാതലം<br>കേരളം @ 61 ക്വിസ് മത്സരം | 8,000 | PTA., SMC |
| 25. ജൈവവിദ്യാലയം ശുചിത്വ വിദ്യാലയം<br>സ്ക്കൂളിലൊരു ജൈവകൃഷി (ഗ്രോബേഗ്)<br>ഒരു കുട്ടിക്ക് ഒരു ചട്ടി<br>പൈപ്പ് കമ്പോസ്റ്റ്, റിങ്ങ് കമ്പോസ്റ്റ്,<br>പ്ലാസ്റ്റിക്വിമുക്തവിദ്യാലയം,<br>പൊടി രഹിത ക്ലാസ് മുറി,<br>ജൈവ സദ്യ. | 20,000 | പഞ്ചായത്ത്, PTA., SMC |